# കേരളസർവകലാശാല

നം.പി.ആർ.106/2023

## പത്രക്കുറിപ്പ്

### 2023-24 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രവേശനം ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2023-24 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് 2023 ജൂൺ 1 മുതൽ 15 വരെ ഓൺലൈനായി അപേക്ഷിക്കാം. **(https://admissions.keralauniversity.ac.in).**

### കോളേജുകൾ ജൂൺ 1 മുതൽ

കേരളസർവകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളും 2023 ലെ മധ്യ വേനലവധി കഴിഞ്ഞ് ജൂൺ 1 ന് തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

### സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ കീഴിലുള്ള കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് കോഴ്സിൽ ഒഴിവുള്ള 12 എൻ.ആർ.ഐ സീറ്റുകളിലേക്ക് (ഇ.സി.ഇ. – 3, സി.എസ്.ഇ. – 6, ഐ.റ്റി. – 3) അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് **(www.ucek.in)** സന്ദർശിക്കുക. വിശദവിവരങ്ങൾക്ക്: **9447125125, 9656468540, 9388011160**

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ. (വോക്കൽ/ വീണ/വയലിൻ/മൃദംഗം/ഡാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ജൂൺ 7 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ജൂൺ 9 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂൺ 27 ന് ആരംഭിക്കുന്ന അഞ്ചുവർഷ എം.ബി.എ (ഇന്റഗ്രേറ്റഡ്) ഏഴാം സെമസ്റ്റർ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂൺ 12 ന് ആരംഭിക്കുന്ന അഞ്ചുവർഷ എം.ബി.എ (ഇന്റഗ്രേറ്റഡ്) ഒൻപതാം സെമസ്റ്റർ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2023 ജൂൺ 1 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും (ഓഫ്‌ലൈൻ) തോന്നയ്ക്കൽ എ. ജെ. കോളേജിലും, പന്തളം എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും (ഓഫ്‌ലൈൻ) അടൂർ യു.ഐ.റ്റി. യിലും കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും (ഓഫ്‌ലൈൻ) കൊല്ലം എസ്.എൻ. കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് പുതിയ പരീക്ഷാകേന്ദ്രങ്ങളിൽ ലഭ്യമാണ്.

കേരളസർവകലാശാല 2023 ജൂൺ 1 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എ/ബി.കോം (ആന്വൽ സ്കീം) റെഗുലർ & സപ്ലിമെന്ററി, ബി.കോം. കോ-ഓപ്പറേഷൻ അഡീഷണൽ ഇലക്ടീവ് എന്നീ പരീക്ഷകൾക്ക് ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജൂണിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ (ബി.പി.എഡ്. – 2022 സ്കീം – നാലുവർഷ ഇന്നോവേറ്റീവ് കോഴ്സ്), മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ & സ്പോർട്സ് (എം.പി.ഇ.എസ് – 2020 സ്കീം – 2022 അഡ്മിഷൻ) റെഗുലർ പരീക്ഷകൾക്ക് SLCM പോർട്ടൽ മുഖേന 2023 മെയ് 31 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ 2023 ജൂൺ 6 വരെയും 150 രൂപ പിഴയോടെ ജൂൺ 8 വരെയും 400 രൂപ പിഴയോടെ ജൂൺ 9 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല 2023 മെയ് 31 ന് നടത്തുന്ന എം.എസ്.ഡബ്ല്യു, എം.എസ്.ഡബ്ല്യു (ഡി.എം.) & എം.എ.എച്ച്.ആർ.എം. പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
**30.05.2023**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**